(സി) ടൈറ്റാനിയം നല്ല നിലയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് വിവിധ തലങ്ങളിൽ നിന്നു വന്ന നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല. ടൈറ്റാനിയം വ്യവസായം 2012 മുതൽ ആഗോള തലത്തിൽ പ്രതിസന്ധി നേരിടുകയാണ്. ചൈനയിൽ നിന്നും മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള ടൈറ്റാനിയം ഡയോക്സൈഡ് ഉല്പന്നങ്ങളുടെ അനാരോഗ്യകരമായ ഇറക്കുമതിമൂലമുണ്ടായിട്ടുള്ള വിലത്തകർച്ചയും വിൽപ്പന യിലുണ്ടായിട്ടുള്ള മാന്ദ്യവുമാണ് കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധി. ഉല്പാദനച്ചെലവിന് ആനുപാതികമായ വില ലഭിക്കാത്തതും ടൈറ്റാനിയം ഡയോക്സൈഡിന്റെ ആവശ്യ കതയിലുണ്ടായിട്ടുള്ള ഇടിവുംമൂലം ഉല്പാദന ശേഷിയുടെ 60 ശതമാനം മാത്രമേ കഴിഞ്ഞ രണ്ട് വർഷമായി ഉല്പാദിപ്പിക്കുന്നുള്ളൂ.

(സി) ഉണ്ട്. കമ്പനിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ചെലവ് കുറഞ്ഞ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും ഘട്ടംഘട്ടമായി പ്ലാന്റിന്റെ ആധുനികവത്ക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും സർക്കാരിന്റെ പരിഗണനയിലാണ്.

കൊയിലാണ്ടി മണ്ഡലത്തിലെ വികസന പദ്ധതികൾ

231 (598) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ച തുക പുരോഗതി ഉൾപ്പെടെ വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ താഴെ ചേർക്കുന്നു:

- 2014-15 പഞ്ചവത്സര പദ്ധതിയിൽ മേലടി ബ്ലോക്ക് പദ്ധതിയിൽ രണ്ട് ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ചുകൊണ്ട് ആറ് ലക്ഷം രൂപ പദ്ധതി അടങ്കലിൽ ഒരു നോൺ വുമൺ ക്യാരി ബാഗ് യൂണിറ്റ് മേലടി ബ്ലോക്ക് പഞ്ചായത്തിൽ സ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

- പന്തലായനി കൈത്തറി നെയ്ത്ത് സംഘത്തിന് അവരുടെ കൊയിലാണ്ടിയിലുള്ള ഷോറൂം നവീകരണത്തിന് അനുവദിച്ച 1,25,000 രൂപ ഉപയോഗിച്ച് ഷോറൂം നവീകരിച്ച് പ്രവർത്തിച്ചുവരുന്നു.

- പന്തലായനി കൈത്തറി നെയ്ത്ത് സംഘത്തിന് അവരുടെ വർക്ക്ഷെഡ്ഡ് റിപ്പയർ ചെയ്യുന്നതിന് 2012-13 വർഷത്തിൽ അനുവദിച്ച മൂന്നുലക്ഷം രൂപകൊണ്ട് വർക്ക് ഷെഡ്ഡ് റിപ്പയർ ചെയ്ത് ഉപയോഗിച്ചുവരുന്നു.

- പന്തലായനി കൈത്തറി നെയ്ത്ത് സംഘത്തിൽ വച്ച് കൊയിലാണ്ടിയിലെ 20 പേർക്ക് നെയ്ത്ത് ജോലിയിൽ പരിശീലനം നടത്തുന്നതിനുവേണ്ടി 4,77,000 രൂപ 2014-15 വർഷത്തിൽ അനുവദിച്ചു. പരിശീലനം വിജയകരമായി പൂർത്തീകരിച്ച് 20 പേരും നിലവിൽ ജോലി ചെയ്തുവരുന്നു.

- പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് 2012 കാലഘട്ടത്തിൽ 50,000 രൂപ ചെലവിട്ട് വ്യവസായ ഗൈഡൻസ് തുടങ്ങുന്നതിനായി കമ്പ്യൂട്ടർ, പ്രിന്റർ, മേശ എന്നിവ വാങ്ങിയത് ഇപ്പോൾ ഉപയോഗിച്ചുവരുന്നു.

- മാർജിൻ മണി വായ്പയായി വ്യവസായ വകപ്പ് 6% പലിശയിന്മേൽ 3,74,500 രൂപ ചെറുകിട സംരംഭങ്ങൾക്കായി അനുവദിച്ചു. കൊയിലാണ്ടി നഗരസഭ പരിധിയിൽ ചെറുകിട വ്യവസായത്തിനായി നഗരസഭ മുഖേന പദ്ധതി വച്ചതിൽ 35,000 രൂപ സബ്സിഡി അനുവദിച്ചു.

- പി.എം.ഇ.ജി.പി. വഴി 34 സംരംഭങ്ങൾക്കായി 61,02,720 രൂപ സബ്സിഡി അനുവദിച്ചു.

- സംസ്ഥാന നിക്ഷേപക സഹായ പദ്ധതി പ്രകാരം 2013-14 കാലയളവിൽ ഒരു യൂണിറ്റിന് 12,250 രൂപ സബ്സിഡി അനുവദിച്ചു.

- ഇ.എസ്.എസ്. പദ്ധതി പ്രകാരം 12 യൂണിറ്റുകൾക്ക് 17,29,834 രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചു. എസ്.സി.എ.-എസ്.സി.പി. പട്ടികജാതി വിഭാഗം സംരംഭകർക്കായി പ്രത്യേക പദ്ധതിയിൻകീഴിൽ 5 സംരംഭകർക്ക് സംരംഭം തുടങ്ങുന്നതിലേക്കായി അനുവദിച്ച ലോണിന്റെ 50 ശതമാനം സബ്സിഡി ഇനത്തിൽ 1,11,000 രൂപ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly